നം.11254/ഇ1/2017/കെ.എസ്.എച്ച്.ഒ 25/06/2021

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ/പ്രോഗ്രാം ഓഫീസർ തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ സംസ്ഥാന ഓഫീസിൽ **ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ /പ്രോഗ്രാം ഓഫീസർ തസ്തികകളിലേയ്ക്ക്** ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനായി **യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേതാണ്.

1. **ഒഴിവുകളുടെ എണ്ണം**

   **ആകെ – 6**

2. **അപേക്ഷിക്കുന്ന ജീവനക്കാരുടെ ശമ്പള സ്കെയിൽ**

   – 42500 – 87000(പഴയത്) **59300–120900 (പുതുക്കിയത്)**

3. **യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം.
- സർക്കാർ /അർദ്ധസർക്കാർ/കേന്ദ്രസർക്കാർ സർവ്വീസിലോ, പ്രമുഖ എൻ.ജി.ഒ.കളിലോ താഴെ വിവരിച്ച മേഖലകളിലോ സമാനമേഖലകളിലോ ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തിപരിചയം ഉാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരായിരിക്കണം.

- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉായിരിക്കണം. ഇംഗ്ലീഷിൽ അവതരണം നടത്താനും, മികച്ച ഡ്രാഫ്റ്റിംഗ് നടത്താനുമുള്ള സ്കിൽ വേണം.

4. **ജോലിയുടെ സ്വഭാവവും ലക്ഷ്യങ്ങളും**

0. കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീയിലൂടെ സംസ്ഥാന സർക്കാർ നിരവധി സുപ്രധാന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം.
1. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളായ എൻ.ആർ.എൽ.എം, ഡി.ഡി.യു.ജി.കെ.വൈ, എസ്.വി.ഇ.പി, എൻ.യു.എൽ.എം, പി.എം.എ.വൈ എന്നിവയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീ മിഷനാണ്. ഫീൽഡ് തലത്തിൽ ടി പദ്ധതികളുടെ സമയബന്ധിതമായും ഫലപ്രദമായും ഉള്ള നടത്തിപ്പ്.
2. കേരളത്തിലെ 45 ലക്ഷത്തിൽപരം സ്ത്രീകൾ അംഗങ്ങളായുള്ളതും ഇവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതും ഇത്തരത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിടുന്നതുമായ സംഘടനയാണ് കുടുംബശ്രീ. പൂർണ്ണമായും സാമൂഹിക ഇടപെടൽ ആവശ്യമായിട്ടുള്ള പ്രവർത്തന മേഖലയായതിനാൽ തന്നെ സാമൂഹിക പ്രതബദ്ധതയുള്ളവരായിരിക്കണം.
3. സംസ്ഥാന തലത്തിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും, ആയത് ജില്ലാ തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
4. കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള പ്രൊഫഷണലുകളുടെ സേവനം സംസ്ഥാന-ജില്ലാ തലത്തിൽ പ്രയോജന പ്പെടുത്തുന്നുണ്ട്. ഓരോ പ്രൊഫഷണലുകളുടെയും, മറ്റ് ജീവനക്കാരുടെയും പ്രാവീണ്യമേഖല കൃത്യമായി മനസ്സിലാക്കി ടി ജീവനക്കാരെ കൂട്ടായ്മയോടെ നയിക്കുക.
5. കുടുംബശ്രീ മിഷനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, സർക്കാരിന്റെ വിവിധ വകുപ്പുകളുമായുമുള്ള സംയോജന പ്രവർത്തനങ്ങൾ ആണ്.

ആയതിനാൽ സംയോജന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹിക്കുന്നതിനും ഉള്ള നേതൃപാടവം ഉണ്ടായിരിക്കണം.

6. വകുപ്പ് മേധാവികളുമായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള അംഗങ്ങളുമായും നേരിട്ടോ, രേഖാമൂലമോ ആശയവിനിമയം/അവതരണം നടത്തുന്നതിന് കഴിയുന്നവർ ആയിരിക്കണം. മികച്ച ഭാഷാസ്വാധീനം ഉണ്ടായിരിക്കണം.
7. സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് / സമസ്യകൾക്ക് യഥാസമയം പരിഹാരം കണ്ടെത്തുന്നതിനുള്ള നവീന ആശയങ്ങൾ ആവിഷ്കരിക്കുക, അവ പദ്ധതികളാക്കി മാറ്റി സമയബന്ധിതമായി നടപ്പിലാക്കുക.
8. എല്ലാ ജില്ലാ മിഷനുകളുമായും ആശയവിനിമയം നടത്തി ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കഴിവ് ഉണ്ടാകണം.
9. വ്യക്തിഗത നേട്ടങ്ങളെക്കാൾ ടീം ആയി പ്രവർത്തിക്കാനും ടീമിനെ പ്രചോദിപ്പിക്കാനും നേതൃത്വം നൽകാനും കഴിവുള്ളവരാകണം.

5. **അപേക്ഷ സമർപ്പിക്കേ വിധം**

- ✓ നിശ്ചിത യോഗ്യതയുള്ളവർ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫോർമാറ്റിൽ അപേക്ഷയും, വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രവും സമയബന്ധിതമായി സമർപ്പിക്കണം.
- ✓ ബയോഡാറ്റയിൽ, കമ്മ്യൂണിക്കേഷൻ അഡ്രസ്സ്, ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇ-മെയിലൂടെയായിരിക്കും കുടുംബശ്രീയിൽ നിന്നും തുടർന്നുള്ള അറിയിപ്പുകൾ നൽകുന്നത്.
- ✓ ബയോഡാറ്റയിൽ വിദ്യാഭ്യാസ യോഗ്യതയോടൊപ്പം, അധിക യോഗ്യതകളും രേഖപ്പെടുത്തേണ്ടതും, പ്രവൃത്തിപരിചയം വ്യക്തമാക്കിയിരിക്കേണ്ടതുമാണ്.

6. **തെരെഞ്ഞെടുപ്പ് പ്രക്രിയ**

- നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യരായവരുടെ പട്ടിക തയ്യാറാക്കുന്നു.
- യോഗ്യരായവരുടെ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ താൽപര്യവും, വിഷയാവതരണശേഷിയും, സാമൂഹിക പ്രതിബദ്ധതയും മറ്റും മനസ്സിലാക്കുന്നതിനുള്ള ഒരു എഴുത്ത് ഉദ്യമം ഉണ്ടാകുന്നതാണ്.
- തുടർന്ന് ഓരോരുത്തരും 2 ഘട്ടങ്ങളിലായി നടക്കുന്ന അഭിമുഖങ്ങളിലും ഫീൽഡ് വിസിറ്റിലും പങ്കെടുക്കേതുണ്ട്.
- *അപേക്ഷാർത്ഥികളുടെ എണ്ണം കണക്കാക്കി തെരെഞ്ഞെടുപ്പ് പ്രക്രിയയിൽ മാറ്റം വരുത്തുന്നതിനും അഭിമുഖ പാനൽ നിശ്ചയിക്കുന്നതിനുമുള്ള അധികാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.*

**മുൻഗണന**

- ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യവികസനം, സംഘടനാ ശാക്തീകരണം, പ്രാദേശിക സാമ്പത്തിക വികസനം, നഗരദാരിദ്ര്യ ലഘൂകരണം, സ്ത്രീശാക്തീകരണം, സ്കിൽ ട്രെയിനിംഗ് തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തുന്നത്. ഈ മേഖലകളിൽ പരിചയമുള്ളവർക്ക് മുൻഗണന.
- നിശ്ചിതയോഗ്യതയുള്ള വനിതാ ജീവനക്കാർക്ക് മുൻഗണന

**അപേക്ഷകൾ അയയ്ക്കേ വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

ഇ-മെയിൽ :- kudumbashree1@gmail.com

പ്രധാന തീയതികൾ

- അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **15/07/2021 വൈകുന്നേരം 5.00 മണി**
- ടെസ്റ്റ്, അഭിമുഖം എന്നിവയക്കുള്ള തീയതികൾ ഇ-മെയിൽ മുഖാന്തിരം അറിയിക്കുന്നതായിരിക്കും

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**